No. CEE/2933/B.Des-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2020–ലെ ബി.ഡിസ് (ബാച്ചിലർ ഓഫ് ഡിസൈൻ) റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2020–ലെ ബി.ഡിസ് (ബാച്ചിലർ ഓഫ് ഡിസൈൻ) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് +2 പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവരുടെ യോഗ്യതാപരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **23.09.2020 മുതൽ** 28.09.2020 **വൈകിട്ട്** 4.00 **മണി വരെ** സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. സി.ബി.എസ്.ഇ. പോലെയുള്ള ഒരു വർഷത്തെ മാർക്ക് മാത്രം ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്താൽ മതിയാകുമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കേരള ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പോലെ രണ്ട് വർഷത്തെ മാർക്കുകൾ ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ട് വർഷത്തെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ചതും ബി.ഡിസ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതുമായ മാർക്ക് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക് വിവരങ്ങൾ പരിശോധനയ്ക്കായി മേൽ വെബ്സൈറ്റിൽ **2020 നവംബർ 01 വൈകുന്നേരം 5.00 മണി** വരെ ലഭ്യമാകും. മേൽ വെബ്സൈറ്റിലെ **'B.Des 2020 Candidate Portal'** എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification- B.Des Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ളത് ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്. അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ പരിശോധനാ വേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ് പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. **01.11.2020 വൈകുന്നേരം 5.00 മണിക്ക്** ലഭ്യമാകുന്ന നിലവിലുള്ള മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020 ലെ ബി.ഡിസ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ട് തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ–മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

Seetha

തിരുവനന്തപുരം
28.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**